പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2113</u> <u>11.02.2020 ൽ മറുപടിക്ക്</u>

## <u>ആരോഗ്യ ചികിത്സാ ഇൻഷ്വറൻസ് പദ്ധതി</u>

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അർഹരായ മുഴുവൻ പേർക്കും ആരോഗ്യചികിത്സാ ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും (സി) യും | 2019 മാർച്ച് 31 ൽ സാധുതയുള്ള RSBY/CHIS കാർഡുള്ളവരും 2011 ലെ സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിൽ ഉൾപ്പെടുന്ന ദുർബലവിഭാഗങ്ങളുമാണ് 2019-20 സാമ്പത്തിക വർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്. RSBY ചിസ് പദ്ധതികളിൽ നേരത്തേ അംഗത്വമുണ്ടായിരുന്നുവെങ്കിലും രജിസ്ട്രേഷൻ പുതുക്കാത്തവരും, അതുപോലെ രജിസ്ട്രേഷൻ ലഭിക്കാൻ അർഹതയുള്ളവരുമായ ആളുകൾക്ക് KASP ൽ അംഗങ്ങളാകുന്ന കാര്യം സർക്കാർ പ്രത്യേകം പരിശോധിച്ചു വരുന്നുണ്ട്. |
| (ബി) | ഇനിയും ആരോഗ്യ ഇൻഷ്വറൻസ് കാർഡ് എടുക്കാത്തവരും നേരത്തെ ഉണ്ടായിരുന്ന കാർഡ് പുതുക്കാത്തവരുമായ പാവപ്പെട്ട കുടുംബങ്ങൾക്ക് പുതിയ കാർഡുകൾ അനുവദിക്കുന്നതിന് അവസരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | | |
| (സി) | പ്രധാനമന്ത്രി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള നടപടികൾ സുതാര്യമാക്കുന്നതിനും അർഹരായ മുഴുവൻ പേരെയും പ്രസ്തുത പദ്ധതിയുടെ കീഴിലാക്കുന്നതിനും അവസരം ഒരുക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തുമോ; വിശദമാക്കുമോ? | | |

Hari

സെക്ഷൻ ഓഫീസർ